**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 126** **01-02-2023 - ൽ മറുപടിയ്ക്ക്**

**നിതാ ഫാത്തിമയുടെ മരണം സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിനായി നാഗ്പൂരിൽ എത്തിയ കേരള ടീം അംഗം നിതാ ഫാത്തിമയുടെ മരണം സംബന്ധിച്ച് നിലവിൽ കേരള പോലീസ് എന്തെങ്കിലും അന്വേഷണം നടത്തുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (എ) | നാഷണൽ സൈക്കിൾ പോളോ (Under 14) മത്സരത്തിനായി നാഗ്പൂരിലെത്തിയ നിതാ ഫാത്തിമയുടെ മരണത്തിലെ ദുരൂഹത നീക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തംഗം ശ്രീ.യു.എം കബീർ ആലപ്പുഴ ജില്ലാ പോലീസ് മേധാവിയ്ക്ക് നൽകിയ പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അമ്പലപ്പുഴ പോലീസ് ഇൻസ്പെകടർക്ക് ജില്ലാ പോലീസ് മേധാവി നിർദ്ദേശം നൽകിയിട്ടുള്ളതും പരാതിയിൻമേൽ അന്വേഷണം നടത്തി വരുന്നു.<br><br>മരണപ്പെട്ട കുട്ടിയുടെ രക്തബന്ധുക്കൾ, സൈക്കിൾ പോളോ കോച്ച്, ടീം ക്യാപ്റ്റൻ, ടീം അംഗങ്ങൾ എന്നിവരുടെ മൊഴി രേഖപ്പെടുത്തിയിട്ടുള്ളതും കുട്ടി മരണപ്പെട്ടതുമായി ബന്ധപ്പെട്ട മഹാരാഷ്ട്രയിലെ ഡാന്റോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ADR 58/22 ന്റെ Certified copy,പോസ്റ്റ്മോർട്ടം സർട്ടിഫിക്കറ്റിന്റെ പകർപ്പ്, പോസ്റ്റ്മോർട്ടം പരിശോധന നടത്തിയ ഡോക്ടറുടെ മൊഴിയുടെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു. ഈ രേഖകൾ എത്രയും വേഗം ലഭ്യമാക്കി തുടർ നടപടി പോലീസ് സ്വീകരിക്കുന്നതാണ്. |
| (ബി) | പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ കാലതാമസമുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | നിതാ ഫാത്തിമയുടെ മരണം സംബന്ധിച്ച് കാര്യക്ഷമമായ അന്വേഷണം നടക്കുമെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ